LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് സ്കൂൾ-കോളേജ് പരിസരം കേന്ദ്രീകരിച്ച് പുകയില ഉല്പന്നങ്ങൾ, കഞ്ചാവ്, മയക്കുമരുന്ന് എന്നിവ വ്യാപകമായി വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ചില മേഖലകളിലെ സ്കൂളുകളുടെ പരിസരത്ത് പുകയില ഉൽപ്പന്നങ്ങൾ വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരി വസ്തുക്കളുടെ വിൽപ്പന നടത്തുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. എക്സൈസ് വകുപ്പ്, ആരോഗ്യ വകുപ്പ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, അദ്ധ്യാപക-രക്ഷാകർതൃ സമിതി, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവരുമായി ബന്ധപ്പെട്ട് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും റെയ്ഡുകൾ നടത്തിയും കുറ്റക്കാരെ കണ്ടെത്തി കർശനമായ നിയമ നടപടികൾ സ്വീകരിച്ചും ലഹരിവസ്തുക്കൾ വില്പന നടത്തുന്ന സംഘങ്ങളെ നിയന്ത്രിക്കുന്നതിനായി രഹസ്യ നിരീക്ഷണം നടത്തി വിവരങ്ങൾ ശേഖരിച്ചും ഇക്കാര്യത്തിൽ മുമ്പ് ശിക്ഷിക്കപ്പെട്ടവരെ നിരീക്ഷിച്ചും ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്, ജനമൈത്രി പോലീസിംഗ് എന്നിവയുടെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തിയും ഇത്തരം പ്രവർത്തനങ്ങൾ കർശനമായി നിയന്ത്രിച്ചു വരുന്നു.

ആർ. എസ്. എസ്. ബൈഠക്

278 (255) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. എസ്. എസ്. തലവൻ മോഹൻ ഭാഗവത് പങ്കെടുത്തുകൊണ്ട് നവംബറിൽ കണ്ണൂരിൽ ബൈഠക്ക് നടന്നതായുള്ള വിവരം സംസ്ഥാന പോലീസിന്റെ ഇന്റലിജൻസ് വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ;

(ബി) പ്രസ്തുത ബൈഠക്കിൽ, പ്രധാന ക്ഷേത്രപരിസരങ്ങളിൽ നിന്ന് ക്രൈസ്തവ-മുസ്ലീം കച്ചവടക്കാരെ ഒഴിപ്പിക്കണം, ഹിന്ദുരക്ഷാ ജാഗ്രതാ സമിതി രൂപീകരിക്കണം എന്നിങ്ങനെയുള്ള തീരുമാനം എടുത്തതായുള്ള റിപ്പോർട്ടുകൾ ഇന്റലിജൻസ് വിഭാഗം ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ ; ഇതേ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇന്റലിജൻസ് റിപ്പോർട്ടുകൾ രഹസ്യ സ്വഭാവമുള്ളവയാണ്. സംസ്ഥാനത്ത് സാമുദായിക ധ്രുവീകരണം ഉണ്ടാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

വനിതാ പോലീസ്

279 (256) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വനിതാ പോലീസുകാരാണ് നിലവിൽ ഉള്ളത്;

(ബി) ഇവരിൽ അദർ ഡ്യൂട്ടി നോക്കുന്നവരെത്ര പേരാണ്;

(സി) അദർ ഡ്യൂട്ടിയിൽ കൂടുതൽ പേർ ജോലി ചെയ്യുന്ന ജില്ല ഏതാണ്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2905 വനിതാ പോലീസുകാരാണ് നിലവിലുള്ളത്.

(ബി&സി) ഇവരിൽ 138 പേർ ഭരണപരമായ സൗകര്യാർത്ഥം അദർ ഡ്യൂട്ടി ചെയ്തു വരുന്നുണ്ട്. ടി ഡ്യൂട്ടി നോക്കി വരുന്നതിൽ കൂടുതൽ പേർ തിരുവനന്തപുരം ജില്ലയിലാണ് (37 പേർ).

ദേശീയ പോലീസ് കമ്മീഷൻ റിപ്പോർട്ട്

280 (257) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൻപതിനായിരം ജനങ്ങൾക്ക് ഒരു പോലീസ് സ്റ്റേഷനും 500 പേർക്ക് ഒരു പോലീസ് ഉദ്യോഗസ്ഥനും എന്ന അനുപാതത്തിൽ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ദേശീയ പോലീസ് കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഏകീകൃത പോലീസ് സംവിധാനം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly